പുലിമുട്ട് കെട്ടാൻ നടപടി

183 [1868] ശ്രീ. എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ :

ശ്രീ. സി. കെ. നാണു:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണം തടയാൻ ഇന്നത്തെ രീതിയിൽ കടൽഭിത്തി കെട്ടുന്നതിന് പകരം പുലിമുട്ട് സ്ഥാപിക്കുന്നതാണ് കൂടുതൽ നല്ലതെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) കേരളത്തിൽ എവിടെയെല്ലാമാണ് പുലിമുട്ട് ഇപ്പോൾ നിലവിലുള്ളതെന്നും അവിടെ കടലോര സംരക്ഷണം ഏതു തരത്തിൽ ഫലപ്രദമാകുന്നു എന്നും വ്യക്തമാക്കാമോ;

(ഡി) പുതുതായി എവിടെയെല്ലാമാണ് പരീക്ഷണാർത്ഥം പുലിമുട്ട് നിർമ്മാണത്തിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കടൽക്ഷോഭം തടയുന്നതിന് വർഷങ്ങൾക്ക് മുൻപ് കേരളത്തിൽ നടപ്പാക്കിയ കടലാക്രമണ നിരോധന ഉപാധിയാണ് പുലിമുട്ട് നിർമ്മാണം. എന്നാൽ പുലിമുട്ടുകൾ തീരപ്രദേശത്തെ മണ്ണൊലിപ്പിന് കാരണമാകുന്നു എന്നു കണ്ടെത്തിയതിനെ തുടർന്ന് 1964-ൽ പുലിമുട്ട് നിർമ്മാണം നിർത്തലാക്കി, പുലിമുട്ടുകൾ അത് പ്രവർത്തിക്കുന്ന ഭാഗങ്ങളിൽ കടലാക്രമണം നിരോധിക്കുമെങ്കിലും ഇതര ഭാഗങ്ങളിൽ രൂക്ഷമായ കടലാക്രമണത്തിന് കാരണമാകുന്നു എന്ന് സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷന്റെ പഠനത്തിൽ കണ്ടെത്തുകയുണ്ടായി.

(സി) തിരുവനന്തപുരം ജില്ലയിൽ വർക്കല, എറണാകുളം ജില്ലയിൽ ചെല്ലാനം ദ്വീപ്, ഐ. എൻ.എസ്. ദ്രോണാചാര്യ, ബീച്ച് റോഡ്, കണ്ണമാലി, വൈപ്പിൻ ദ്വീപിൽ മുനമ്പത്ത്, കോഴിക്കോട് ജില്ലയിൽ കല്ലായി റിവർ മൗത്ത് എന്നിവിടങ്ങളിൽ പുലിമുട്ട് ഉണ്ട്. പുലിമുട്ടുകൾ അത് പ്രവർത്തിക്കുന്ന ഭാഗങ്ങളിൽ കടലാക്രമണം നിരോധിക്കുന്നുണ്ട്. എന്നാൽ ഇതര ഭാഗങ്ങളിൽ പുലിമുട്ടുകൾ രൂക്ഷമായ കടലാക്രമണത്തിന് കാരണമാക്കുന്നുണ്ട്.

(ഡി) ചെല്ലാനം ദ്വീപിൽ പുത്തൻതോട്ടിലും സൗദി, മാനശ്ശേരി, ചെറിയകടവ്, വൈപ്പിൻ ദ്വീപ്, കല്ലായി റിവർ മൗത്തിന്റെ ഇടതു കര എന്നിവിടങ്ങളിൽ പുലിമുട്ടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly